# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2636** | **02/04/2013-ൽ മറുപടിക്ക്**

**<u>പരീക്ഷാ ഭവനിൽ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പരീക്ഷാ ഭവനിൽ സ്വീകരിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലപരിധി സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) പൊതു പരീക്ഷാക്കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും പൊതുജനത്തിന് ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളും, കാലപരിധിയും പ്രതിപാദിക്കുന്ന പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൗരാവകാശ രേഖയുടെയും, കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി കാലാനുസൃത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പരമാവധി നേരത്തെ തന്നെ അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കാറുണ്ട്. |
| (ബി) ഇല്ലെങ്കിൽ ഓഫീസ് നിയമത്തിലെ 'ഫൈവ് ഡേ റൂൾ' പാലിച്ചാണോ ഫയൽ നടപടി സ്വീകരിക്കുന്നത്; | (ബി) പൊതു പരീക്ഷാക്കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന അപേക്ഷകളിൽ യോഗ്യതാസർട്ടിഫിക്കറ്റുകളിലെ പിഴവ് പരിഹരിയ്ക്കൽ, ജനനത്തീയതി വ്യതിയാനം, ജനനത്തീയതിയേതര തിരുത്തലുകൾ, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് അനുവദിക്കൽ എന്നീ അപേക്ഷകളിന്മേൽ 'ഫൈവ് ഡേ റൂൾ' പാലിച്ചുകൊണ്ട് ഫയൽ തീർപ്പാക്കൽ പ്രായോഗികമായി സാധ്യമല്ല. |

| | | | |
|---|---|---|---|
| (സി) | പരീക്ഷാ ഭവനിൽ സ്വീകരിക്കുന്ന അപേക്ഷകളിന്മേൽ വർഷങ്ങളോളം തീർപ്പാക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | പരീക്ഷാഭവൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിശ്ചിത രേഖകളും ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകളിന്മേലാണ് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ വിതരണത്തിന് കാലതാമസം നേരിടുന്നത്. പൂർണ്ണരൂപത്തിലുള്ള അപേക്ഷകൾ ഡിപ്പാർട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി യോഗ്യതാ സർട്ടിഫിക്കറ്റ് വിതരണം നടത്തുന്നതിന് ദീർഘമായ സമയപരിധി ആവശ്യമായി വരുന്നില്ല. |
| (ഡി) | കാലതാമസത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിച്ച് അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് സംവിധാനം നിലവിലുണ്ട്. |
| (ഇ) | ശ്രീ. നിഷാദ് കെ.കെ 22.09.2008 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നമ്പർ ഇ.എക്സ്./സി.എസ്./40798/2008/സി.ജി.ഇ. നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ഇ) | വടകര വിദ്യാഭ്യാസ ജില്ലയിലെ നരിപറ്റ ആർ.എൻ.എം. ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപകൻ മുഖേന ശ്രീ. നിഷാദ്. കെ.കെ. 22.09.2008-ൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പൊതു പരീക്ഷാക്കമ്മീഷണറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പ്രകാരം 'Blank Book' രേഖപ്പെടുത്തലുകൾക്കായി Ex/C5/40798/2008 പ്രകാരം സ്ക്കൂളിലേയ്ക്ക് അയച്ചിട്ടുണ്ടായിരുന്നു. സ്ക്കൂളിൽ നിന്നും രേഖപ്പെടുത്തലുകൾക്കുശേഷം ബുക്കു ലഭിക്കുവാനുള്ള കാലതാമസം നേരിട്ടപ്പോൾ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ഓർമ്മക്കുറിപ്പുകൾ അയക്കുകയും ചെയ്തു. എന്നാൽ അകാരണമായ കാലതാമസം നേരിട്ടിട്ടും അപേക്ഷകൻ സർട്ടിഫിക്കറ്റിനെക്കുറിച്ച് |

| | | | |
|---|---|---|---|
| | | | യാതൊരുവിധ അന്വേഷണവും നടത്തിയിട്ടില്ല. കുടിശ്ശിക അപേക്ഷകളുടെ വിശദ പരിശോധനയിൽ ടിയാളുടെ ബുക്ക് കണ്ടെത്തുകയും വിതരണത്തിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത ഫയലിന്മേൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് എസ്.എസ്.എൽ.സി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; | (എഫ്) | ശ്രീ. നിഷാദ് . കെ.കെ.-യുടെ ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് 27/03/2013 -ന് നരിപറ്റ ആർ.എൻ.എം ഹൈസ്കൂൾ പ്രധാനാദ്ധ്യാപകന് സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുത്തിട്ടുണ്ട്. |
| (ജി) | ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ജി) | ബാധകമല്ല. |

Sreedevi

**സെക്ഷൻ ഓഫീസർ**